**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3016** **13-07-2022 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ ഘടകങ്ങളുടെ സമയക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ വിവിധ ഘടകങ്ങൾ പൂർത്തിയാക്കാൻ ഓരോ ഘടകത്തിനും നിശ്ചിത സമയക്രമം ഉൾക്കൊള്ളിച്ച് കൊണ്ട് കരാർ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ; | (എ) | മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ വിവിധ ഘടകങ്ങൾ പൂർത്തിയാക്കുവാൻ ഉള്ള സമയക്രമം ഉൾക്കൊള്ളിച്ച കരാർ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥ പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒരു പ്രവൃത്തി പൂർത്തിയാക്കാൻ ആവശ്യമായ ആകെ കാലാവധി മാത്രം കരാറിൽ രേഖപ്പെടുത്തുന്ന പക്ഷം കരാർ കാലാവധിയുടെ അവസാന സമയങ്ങളിൽ മാത്രം പ്രവൃത്തി ആരംഭിക്കുന്ന പ്രവണത ഇതുവഴി ഇല്ലാതാകാൻ സാധിക്കുമോ എന്നറിയിക്കാമോ? | (ബി) | പൊതുമരാമത്തു വകുപ്പ് മാനുവൽ ക്ലോസ് 2112 പ്രകാരം "Time shall be considered as the essence of the contract except in case of piece work contract" എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത ക്ലോസ് പ്രകാരം കരാർ ഉടമ്പടി ചെയ്യുന്നതിന് മുൻപായി കരാറുകാരൻ പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും നിർവ്വഹിക്കുന്നതിനുള്ള കാലക്രമം അനുസരിച്ചുള്ള പദ്ധതി സമർപ്പിക്കേണ്ടതാണ്. ടി നടപടി ക്രമം എഗ്രിമെന്റ് അതോറിറ്റി പരിശോധിക്കുകയും അംഗീകരിക്കുന്ന പക്ഷം കരാറിന്റെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത നടപടിക്രമം പിന്തുടരാതെയിരിക്കുന്നതായി ബോധ്യപ്പെട്ടാൽ കരാറുകാരന്റെ പേരിൽ പിഴ ചുമത്തുകയും കരാറിന്റെ ടെർമിനേഷൻ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ക്ലോസ് 2116.1 വ്യവസ്ഥ പ്രകാരം കോൺട്രാക്ട് നിബന്ധനകളിൽ പറഞ്ഞ പ്രകാരമുള്ളതോ പുന:ക്രമീകരിക്കപ്പെട്ടതോ ആയിട്ടുള്ള നിശ്ചിതമായ ഒരു നാഴികക്കല്ല് (milestone)പ്രാപ്തമാക്കാൻ സാധിക്കാത്ത പക്ഷം, പ്രസ്തുത മൈൽസ്റ്റോണിനെതിരെ സൂചിപ്പിച്ചിട്ടുള്ള തുക തടഞ്ഞുവയ്ക്കുകയും ഒടുവിൽ അനുവദിക്കപ്പെടുന്ന എക്സ്റ്റൻഷൻ ഓഫ് ടൈം (Extension of time) -ന്റെ നഷ്ടപരിഹാര തുകയിൽ ക്രമീകരിക്കുകയും ചെയ്യുന്നു.<br><br>കൂടാതെ സ്റ്റാൻഡേർഡ് ബിഡ് ഡോക്കുമെന്റിന്റെ (SBD) ക്ലോസ് 43.1 പ്രകാരം നിശ്ചയിക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | മൈൽസ്റ്റോൺ അഥവാ പ്രോഗ്രാം ചാർട്ട് കോൺട്രാക്ടർ പാലിക്കാതെയിരിക്കുന്ന പക്ഷം പ്രസ്തുത കോൺട്രാക്ടർ, എംപ്ലോയർക്കു ജനറൽ കണ്ടിഷൻസ് ഓഫ് കോൺട്രാക്ട് (GCC) ക്ലോസ് 15 പ്രകാരമുള്ള Liquidated damages അടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ